# ഹജ്ജ്
# സംശയ നിവാരണം

**അബ്ദുല്ല മൻഹാം**

**സുഊദി അറേബ്യയിലെ ഇസ്‌ലാമികകാര്യ മന്ത്രാലയം പ്രസിദ്ധീകരിച്ച ഹജ്ജിനെക്കുറിച്ച ഫത്‌വകളുടെ സമാഹാരത്തെ അധികരിച്ച് തയാറാക്കിയതാണ് ഈ ചോദ്യോത്തരങ്ങൾ. ഹജ്ജ് ആദ്യമായി അനുഷ്ഠിക്കുന്നവർക്കും അല്ലാത്തവർക്കും ഉണ്ടാകാറുള്ള പ്രധാന വിഷയങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രശസ്ത പണ്ഡിതനും സുഊദി മുഫ്തിയുമായിരുന്ന ശൈഖ് അബ്ദുൽ അസീസ് ഇബ്‌നു അബ്ദില്ലാഹ് ഇബ്‌നു ബാസും അദ്ദേഹത്തിന്റെ അധ്യക്ഷതയിലായിരുന്ന ഫത്‌വാ ബോർഡും നൽകിയ മതവിധികളാണ് ഇതിന്റെ അവലംബം.**

*മനഃപൂർവമോ മടി കാരണമോ നമസ്കാരം ശീലമാക്കിയിട്ടില്ലാത്ത ആളുടെ ഹജ്ജിനെക്കുറിച്ച വിധിയെന്താണ്?*

നമസ്കാരം നിർബന്ധമാണെന്ന് അംഗീകരിക്കാത്ത ആൾ കാഫിറാണെന്നാണ് പണ്ഡിതന്മാരുടെ ഏകകണ്ഠമായ അഭിപ്രായം. അയാളുടെ ഹജ്ജ് സാധുവാകുകയും ഇല്ല. എന്നാൽ, മടിയനായതുകൊണ്ടോ നമസ്കാരകാര്യത്തിൽ അശ്രദ്ധനായതുകൊണ്ടോ ദീനിലെ ഈ നിർബന്ധകർമത്തെക്കുറിച്ച് ഗൗരവത്തിലെടുക്കാത്തതു കാരണമോ (അഥവാ ബോധപൂർവം) നമസ്കാരം ഉപേക്ഷിക്കുന്ന ആളിനെക്കുറിച്ച് പണ്ഡിതന്മാർ രണ്ട് അഭിപ്രായക്കാരാണ്. ഹജ്ജ് സാധുവാകുമെന്ന് ഒരു വിഭാഗവും ഇല്ലെന്ന് മറു വിഭാഗവും. ഇത്തരക്കാരുടെ ഹജ്ജ് സ്വീകാര്യമല്ല എന്നതാണ് ശരിയായ അഭിപ്രായം. ഒരു ഹദീസാണ് തെളിവ്. 'നമുക്കും അവർക്കുമിടയിലുള്ള കരാറാണ് നമസ്കാരം. അതുപേക്ഷിക്കുന്നവൻ കാഫിറാകുന്നു. ഒരു മനുഷ്യനെയും ശിർക്കിനെയും കുഫ്റിനെയും വേർതിരിക്കുന്ന കാര്യം നമസ്കാരമാണ്.' നമസ്കാരം നിർബന്ധമാണെന്ന് അംഗീകരിക്കാതെയോ മടി കാരണമോ ഈ നിർബന്ധകർമം ഉപേക്ഷിക്കുന്ന എല്ലാവർക്കും പൊതുവായ നിയമമാണെന്ന് തെളിവുകൾ വ്യക്തമാക്കുന്നു. അതിനാൽ നമസ്കാരം ഉപേക്ഷിച്ച ആളുടെ ഹജ്ജ് സ്വീകാര്യമല്ല.

* * *

*എന്റെ കൂട്ടുകാരന്റെ പിതാവ് മരിച്ചുപോയി. അദ്ദേഹത്തിനു വേണ്ടി ഹജ്ജ് ചെയ്യാമോ എന്നാണ് സുഹൃത്ത് ചോദിക്കുന്നത്. അവന്റെ ഉമ്മയാകട്ടെ രോഗിയല്ലെങ്കിലും വാഹനത്തിലോ വിമാനത്തിലോ സഞ്ചരിക്കാൻ കഴിയാത്ത ആളാണ്. ഈ പരിതഃസ്ഥിതിയിൽ, അവൻ സ്വന്തത്തിനും മാതാപിതാക്കൾ രണ്ടുപേർക്കും കൂടി ഒന്നിച്ച് ഹജ്ജ് ചെയ്താൽ അത് സാധുവാകുമോ? അല്ലെങ്കിൽ ഓരോരുത്തർക്കും വേറെ വേറെ അനുഷ്ഠിക്കുകയാണോ വേണ്ടത്?*

മറ്റൊരാൾക്കു വേണ്ടി ഹജ്ജ് നിർവഹിക്കുന്നത് അനുവദനീയമാണ്. അത് മരിച്ചു പോയവർക്ക് ആകാം. ആരോഗ്യകരമായ തടസ്സങ്ങളാൽ ഹജ്ജ് നിർവഹിക്കാൻ സാധിക്കാതെ ജീവിക്കുന്ന ആൾക്ക് വേണ്ടിയും ആകാം. എന്നാൽ ഒരു പ്രാവശ്യം ചെയ്യുന്ന ഹജ്ജ് ഒന്നിലധികം ആൾക്കു വേണ്ടിയാകാൻ പാടില്ല. ഹജ്ജാകട്ടെ, ഉംറയാകട്ടെ ഒരു തവണ ഒരാൾക്ക് എന്ന രീതിയിൽ മാത്രമേ സാധുവാകുകയുള്ളൂ. എന്നാൽ, ഒരേ വർഷം ഒരാൾക്കു വേണ്ടി ഹജ്ജും മറ്റൊരാൾക്കു വേണ്ടി ഉംറയും നിർവഹിക്കുന്നത് അനുവദനീയമാണ്. അന്യനു വേണ്ടി ഹജ്ജും ഉംറയും ചെയ്യുന്ന വ്യക്തി തനിക്കു വേണ്ടി ഈ രണ്ട് കർമങ്ങളും നേരത്തേ ചെയ്തിരിക്കണമെന്നു മാത്രം.

* * *

*ഹജ്ജിന് വന്ന ഒരു സഹോദരൻ ഹജ്ജിലെ കർമങ്ങൾ ഒട്ടൊക്കെ പൂർത്തിയാക്കി. പക്ഷേ, ത്വവാഫുൽ ഇഫാദഃ എന്ന നിർബന്ധ ത്വവാഫ് ചെയ്യുന്നതിനു മുമ്പേ നിര്യാതനായി. അദ്ദേഹത്തിന് വേണ്ടി എനിക്ക് ത്വവാഫ് ചെയ്യാമോ?*

അദ്ദേഹത്തിനു വേണ്ടി മറ്റൊരാൾ ത്വവാഫ് ചെയ്യേണ്ടതില്ല. നബിയുടെ കാലത്ത് നടന്ന ഒരു സംഭവമാണ് തെളിവ്.

റസൂലിനോടൊപ്പം ഹജ്ജിൽ പങ്കെടുത്ത ഒരാൾ വാഹനപ്പുറത്തു നിന്ന് വീണു മരിച്ചു. വിവരം പ്രവാചകനെ അറിയിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'അദ്ദേഹത്തെ വെള്ളം കൊണ്ടും സിദ്ർ (ഒരിനം താളി) കൊണ്ടും കുളിപ്പിക്കുക. താൻ ധരിച്ച ഇഹ്റാം വസ്ത്രത്തിൽ തന്നെ കഫൻ ചെയ്യുക. സുഗന്ധദ്രവ്യങ്ങൾ ഒന്നും ഉപയോഗിക്കരുത്. തല മറയ്ക്കുകയും വേണ്ട. അദ്ദേഹത്തെ തൽബിയത്ത് ചൊ

ല്ലിക്കൊണ്ടായിരിക്കും അന്ത്യനാളിൽ എഴുന്നേൽപിക്കുക' (*സ്വഹീഹുൽ ബുഖാരി*). ഈ സംഭവത്തിൽ റസൂൽ അയാൾക്ക് വേണ്ടി ത്വവാഫ് ചെയ്യാൻ കൽപിച്ചിട്ടില്ല.

* * *

*അടുത്ത ബന്ധുക്കൾ കൂടെ പോകാനില്ലാത്ത സ്ത്രീ ഒരു പുരുഷന്റെ ഒപ്പം രണ്ട് സ്ത്രീകളും പോകുന്നതറിഞ്ഞ് അവരുടെ കൂടെ ഹജ്ജിന് പോയാൽ അത് സാധുവാകുമോ?*

ആ സ്ത്രീയുടെ ഹജ്ജ് സാധുവാണ്. വിവാഹം നിഷിദ്ധമായ ബന്ധുവിന്റെ കൂടെയല്ലാതെ യാത്ര ചെയ്തതിനാൽ അവൾ കുറ്റക്കാരിയാണെന്നു മാത്രം. അവൾ അല്ലാഹുവോട് പശ്ചാത്തപിക്കേണ്ടതാണ്.

* * *

*ഹജ്ജും ഉംറയും ഉദ്ദേശിച്ചല്ല ഞാൻ മക്കയിലേക്ക് യാത്രയായത്. നാട്ടിൽനിന്നും ഹജ്ജിന് വന്ന എന്റെ ബന്ധുക്കളെ സന്ദർശിക്കാനായിരുന്നു യാത്ര. എങ്കിൽ ഇഹ്റാം ചെയ്യൽ നിർബന്ധമാണോ?*

നിർബന്ധമില്ല. ഇഹ്റാം ചെയ്യാതെ മക്കയിൽ പ്രവേശിക്കുന്നത് അനുവദനീയമാണ്. പക്ഷേ, സന്ദർഭം ഉപയോഗപ്പെടുത്തി ഉംറ നിർവഹിക്കുന്നതാണ് ഉത്തമം.

* * *

*ഒരാൾ ജോലിയാവശ്യാർഥം മക്കയിലെത്തി. മറ്റൊരാൾ രോഗിയായ ബന്ധുവിനെ സന്ദർശിക്കാനും മൂന്നാമതൊരാൾ വ്യാപാരത്തിനും മക്കയിൽ വന്നു. ഇവർ ഹജ്ജ് ചെയ്യാൻ ഉദ്ദേശിച്ചാൽ എവിടെ നിന്നാണ് ഇഹ്റാം ചെയ്യേണ്ടത്?*

ഇങ്ങനെ മക്കയിൽ എത്തിയ ആൾ ഹജ്ജ് ചെയ്യാൻ തീരുമാനിച്ചാൽ, അയാൾ മക്കയിലെ തന്റെ താമസസ്ഥലത്തു നിന്ന് തന്നെയാണ് ഇഹ്റാം ചെയ്യേണ്ടത്. എന്നാൽ ഉംറ നിർവഹിക്കാൻ അയാൾ ഹറമിനു പുറത്ത് (ഉദാ: തൻഈം – ജുഅ്റാന) പോയി ഇഹ്റാം ചെയ്യണമെന്നാണ് നിയമം. ഹജ്ജതുൽ വിദാഇന്റെ സന്ദർഭത്തിൽ ഹറമിലായിരുന്ന ആഇശ(റ) ഉംറ നിർവഹിക്കാൻ ഉദ്ദേശിച്ചപ്പോൾ, തൻഈമിൽ പോയി ഇഹ്റാം ചെയ്യാൻ വേണ്ടി റസൂൽ(സ) നിർദേശിച്ച സംഭവം ഇതിന് തെളിവാണ്.

* * *

*ഉംറ കൂടാതെ ഹജ്ജ് മാത്രം ഉദ്ദേശിച്ച് ഇഹ്റാം ചെയ്യുകയും കർമങ്ങൾ നിർവഹിക്കുകയും ചെയ്താൽ എന്റെ ഹജ്ജ് പൂർണമാകുമോ? ഹജ്ജിനു ശേഷം ഞാൻ ഉംറ വേറെ നിർവഹിക്കേണ്ടതുണ്ടോ?*

ഹജ്ജ് പൂർണമാണ്. ഹജ്ജ് ഉദ്ദേശിച്ച ആൾ അതിന്റെ ഫർദുകളും വാജിബുകളും സുന്നത്തുകളും പാലിക്കുകയും അല്ലാഹു വിലക്കിയ വഴക്കും തർക്കവും മ്ലേഛ കാര്യങ്ങളും വർജിക്കുകയും ചെയ്താൽ ഹജ്ജ് പൂർത്തിയായി. നിർബന്ധമായ ഉംറ മുമ്പ് നിർവഹിച്ചിട്ടുണ്ടെങ്കിൽ അയാൾ ഉംറ വീണ്ടും ചെയ്യേണ്ടതില്ല. മുമ്പൊരിക്കലും ഉംറ ചെയ്തിട്ടില്ലെങ്കിൽ അയാൾ അത് ചെയ്യൽ നിർബന്ധമാണ്.

* * *

*നാട്ടിൽനിന്ന് ഹജ്ജ് ഗ്രൂപ്പിൽ വന്നയാളാണ് ഞാൻ. ഹജ്ജിനു വേണ്ടിമാത്രം ( ഇഫ്റാദ്) നിയ്യത്ത് ചെയ്തു. എന്നാൽ കൂട്ടുകാർ മദീനയിൽ പോകാൻ തീരുമാനിച്ചിരിക്കുന്നു. എനിക്ക് അവരുടെ കൂടെ പോകാമോ? ഒരാഴ്ച കഴിഞ്ഞ് മക്കയിലേക്ക് തിരിച്ചു വരുമ്പോൾ ഉംറ ചെയ്യുന്നത് അനുവദനീയമാണോ?*

വരുമ്പോൾ ചെയ്ത ഇഹ്റാം ഉംറയുടേതാക്കി അതിന്റെ കർമങ്ങൾ ചെയ്യുകയാണ് ഈ അവസ്ഥയിൽ വേണ്ടത്. ത്വവാഫും സഅ്യും നിർവഹിച്ച് മുടി വെട്ടി ഉംറയിൽനിന്ന് വിരമിക്കുക. മദീനയിൽ പോയി വരുമ്പോൾ ഉംറ ചെയ്യാം. ശേഷം ദുൽഹജ്ജ് എട്ടിന് (യൗമുത്തർവിയഃ) ഹജ്ജിനു വേണ്ടി ഇഹ്റാം ചെയ്യുക. അപ്പോൾ താങ്കൾ 'മുതമത്തിഅ്' ആയി ഗണിക്കപ്പെടും. അതിനാൽ ബലി കൊടുക്കൽ നിർബന്ധമായി.

* * *

*മീഖാത്തിൽവെച്ച് ഇഹ്റാം ചെയ്തു. തമത്തുഅ് ആയിട്ടാണ് നിയ്യത്ത്. പക്ഷേ, അത് ലബ്ബൈകയോടൊപ്പം പറയാൻ മറന്നുപോയി. എനിക്ക് തമത്തുഅ് ആയി തന്നെ ഹജ്ജ് പൂർത്തിയാക്കാമോ?*

ഇഹ്റാമിന്റെ സമയത്ത് ഉംറ ഉദ്ദേശിക്കുകയും തൽബിയത്ത് മറക്കുകയും ചെയ്താലും കുഴപ്പമില്ല. തൽബിയത്ത് ചൊല്ലിയ ആളുടെ വിധിതന്നെയാണ് ഇവിടെയും. *ലബ്ബൈക* ചൊല്ലുക എന്നത് ബലപ്പെട്ട സുന്നത്താണ്. ചൊല്ലാൻ വിട്ടുപോയാൽ ദോഷമില്ല. അയാൾക്ക് വഴിയിൽവെച്ച് നിയ്യത്ത് ചൊല്ലാം. ഹറമിൽ ചെന്ന് ത്വവാഫും സഅ്യും ചെയ്ത് മുടി മുറിച്ച് ഉംറയിൽനിന്ന് വിരമിക്കുകയാണ് വേണ്ടത്. പിന്നെ ദുൽഹജ്ജ് എട്ടിന് ഹജ്ജിനു വേണ്ടി ഇഹ്റാം ചെയ്ത് കർമങ്ങൾ പൂർത്തീകരിക്കുകയും ചെയ്യുക. ഇപ്പോൾ തമത്തുഅ് രീതിയിൽ ഹജ്ജ് നിർവഹിച്ചതായി പരിഗണിക്കും.

* * *

*ഇഹ്റാമിനു വേണ്ടി രണ്ട് റക്അത്ത് നമസ്കാരം നിർവഹിക്കൽ ഉപാധി (ശർത്) ആണോ?*

ഉപാധിയല്ല. എന്നാൽ, ഇഹ്റാമിനു വേണ്ടി രണ്ട് റക്അത്ത് നമസ്കരിക്കൽ നല്ലതാണോ എന്ന കാര്യത്തിൽ പണ്ഡിതന്മാർക്ക് അഭിപ്രായവ്യത്യാസമുണ്ട്. ഭൂരിപക്ഷം അഭിപ്രായപ്പെടുന്നത് വുദൂ എടുത്ത്, രണ്ട് റക്അത്ത് നമസ്കരിച്ച ശേഷം തൽബിയത്ത് ചൊല്ലുക എന്നതാണ്. ഹജ്ജതുൽ വിദാഇൽ റസൂൽ(സ) ളുഹ്ർ നമസ്കരിച്ച ശേഷം ആയിരുന്നു ഇഹ്റാം ചെയ്തത് എന്ന കാര്യം അവർ തെളിവായി ചൂണ്ടിക്കാണിക്കുന്നു.

* * *

*സ്ത്രീകൾക്ക് ഹജ്ജ് ദിവസങ്ങളിൽ മാസമുറ ഇല്ലാതാക്കാൻ ഗുളികകൾ ഉപയോഗിക്കാമോ?*

ഉപയോഗിക്കാം. ആരോഗ്യത്തിന് ഹാനി വരാത്ത രീതിയിൽ മാസമുറ തെറ്റിക്കാൻ വേണ്ടി മരുന്ന് ഉപയോഗിക്കുന്നത് അനുവദനീയമാണ്. ഹജ്ജിലെ പോലെ നോമ്പിനും ഇങ്ങനെ ചെയ്യുന്നതിന് വിരോധമില്ല. വിശ്വസ്തനും പ്രഗത്ഭനുമായ ഡോക്ടറുടെ അഭിപ്രായം ചോദിച്ചതിനു ശേഷം ചെയ്യുന്നതാണ് ഉത്തമം.

* * *

*ആർത്തവകാരിയായ സ്ത്രീക്ക് ഇഹ്റാം ചെയ്യുമ്പോൾ രണ്ട് റക്അത്ത് നമസ്കരിക്കാമോ? അവർക്ക് മൗനമായി ഖുർആൻ പാരായണം ചെയ്യാൻ പാടുണ്ടോ?*

ആർത്തവകാരിയായ സ്ത്രീ ഇഹ്റാമിനു വേണ്ടി നമസ്കരിക്കരുത്. നമസ്കാരം കൂടാതെ ഇഹ്റാം ചെയ്താൽ മതി. ഇഹ്റാമിനു വേണ്ടിയുള്ള രണ്ട് റക്അത്ത് നമസ്കാരം എന്നത് പണ്ഡിതന്മാരുടെ ഭൂരിപക്ഷാഭിപ്രായ പ്രകാരം സുന്നത്ത് മാത്രമാണ്.

മുസ്ഹഫ് സ്പർശിക്കാതെ ഖുർആൻ പാരായണം ചെയ്യാൻ ആർത്തവകാരിക്ക് അനുവാദമുണ്ട്. മനസ്സിലുള്ള മൗനവായന ആകാമെന്നതിൽ എല്ലാ പണ്ഡിതരും യോജിക്കുന്നു. ഉച്ചത്തിൽ ഓതുന്നത് ഹറാമാണെന്നാണ് ചിലരുടെ അഭിപ്രായം.

സ്ത്രീകൾ പ്രസവത്തിനു ശേഷവും ആർത്തവമുള്ളപ്പോഴും ഖുർആൻ ഓതുന്നതും സ്പർശിക്കുന്നതും പാടില്ലെന്നാണ് അവരുടെ വീക്ഷണം. കുളിക്കുന്നത് വരെ ഈ വിലക്ക് നീണ്ടുനിൽക്കും.

എന്നാൽ, മുസ്ഹഫ് തൊടാതെ മനസ്സുകൊണ്ടുള്ള വായന മുൻപറഞ്ഞ രണ്ട് പേർക്കും അനുവദനീയമാണെന്ന് മറ്റു ചില പണ്ഡിതന്മാർ പറയുന്നു. കുറേ ദിവസങ്ങൾ നീണ്ടുനിൽക്കുന്ന തടസ്സങ്ങളുള്ളതിനാൽ സ്ത്രീകൾക്ക് അനുവാദമുണ്ടെന്നാണ് അവരുടെ പക്ഷം. എന്നാൽ ജനാബത്ത് കാരണം അശുദ്ധിയുള്ള പുരുഷനും സ്ത്രീയും കുളിച്ചിട്ടേ ഖുർആൻ തൊടാനും പാരായണം ചെയ്യാനും പാടുള്ളൂ.

* * *

*ഹജ്ജ് ദിവസങ്ങളിൽ ആർത്തവം തുടങ്ങിയാൽ എന്തു ചെയ്യും?*

ആർത്തവം ഹജ്ജിന് തടസ്സമല്ല. ത്വവാഫ് ഒഴിച്ച് ഹജ്ജിലെ കർമങ്ങളെല്ലാം മറ്റു ഹാജിമാരോടൊപ്പം ചെയ്യാം. ആർത്തവം നിലച്ചാൽ കുളിച്ച് ശുദ്ധിയായിട്ടാണ് കഅ്ബയെ ത്വവാഫ് ചെയ്യേണ്ടത്.

* * *

*ആർത്തവകാരിക്ക് ഹറമിൽ പ്രവേശിക്കുകയും നമസ്കരിക്കുകയും ചെയ്യാമോ?*

അശുദ്ധിയുള്ള സ്ത്രീ ഹറമിൽ പോകുന്നതും നമസ്കരിക്കുന്നതും കുറ്റമാണ്. ആർത്തവവേളയിൽ സ്ത്രീകൾക്ക് നമസ്കാരം പാടില്ല. അങ്ങനെ നമസ്കരിച്ചാൽ അത് നിഷ്ഫലം (ബാത്വിൽ) ആകുന്നു. ആർത്തവമുള്ള സ്ത്രീകളും ജനാബത്തുള്ള പുരുഷനും മസ്ജിദിൽ ഇരിക്കാൻ പാടില്ല. എന്നാൽ അത്യാവശ്യം വന്നാൽ പള്ളിയിലൂടെ നടക്കുന്നതും മുറിച്ച് കടക്കുന്നതും അനുവദനീയമാണ്.

* * *

*മീഖാത്തിൽ വെച്ച് ഇഹ്റാം ചെയ്ത ശേഷം മക്കയിലെത്തിയപ്പോൾ ആർത്തവം തുടങ്ങി. അവൾക്ക് ത്വവാഫ് ചെയ്യാമോ?*

ത്വവാഫ് ചെയ്യാൻ പാടില്ല. ശുദ്ധിയാകുന്നതുവരെ കാത്തിരിക്കുകയാണ് വേണ്ടത്. കുളി കഴിഞ്ഞാൽ ത്വവാഫും സഅ്യും ചെയ്ത് ഉംറ പൂർത്തിയാക്കാം. എന്നാൽ, ഉംറക്ക് ശേഷമോ അല്ലെങ്കിൽ ദുൽഹജ്ജ് എട്ടിന് ഹജ്ജിന് ഇഹ്റാം ചെയ്ത ശേഷമോ ആണ് ആർത്തവം ഉണ്ടായതെങ്കിൽ ത്വവാഫ് ഒഴികെ മറ്റു കർമങ്ങൾ ചെയ്യേണ്ടതാണ്. അറഫയിൽ നിർത്തം, മുസ്ദലിഫയിൽ പാർക്കൽ, ജംറകളിൽ കല്ലെറിയൽ തുടങ്ങിയ കർമങ്ങളും തൽബിയത്തും ദിക്റും ദുആയും ഒക്കെ ചെയ്യാം. ആർത്തവം കഴിഞ്ഞ് കുളിച്ചിട്ടുവേണം ത്വവാഫ് നിർവഹിക്കാൻ എന്നു മാത്രം.

* * *

*ഹജ്ജിലെ റുക്നുകളിൽ പെട്ട നിർബന്ധ ത്വവാഫ് നിർവഹിക്കുന്നതിനു മുമ്പായി ഞങ്ങളുടെ കൂടെയുള്ള ഒരു സഹോദരിക്ക് ആർത്തവം തുടങ്ങി. നാട്ടിലേക്ക് മടങ്ങിപ്പോകാനുള്ള തീയതിക്ക് മുമ്പായി അവൾക്ക് കുളിക്കാൻ സാധ്യമല്ലതാനും. യാത്ര നീട്ടിവെക്കുന്നതും അസാധ്യം. നിർബന്ധ ത്വവാഫ്, ത്വവാഫുൽ വിദാഅ് എന്നിവയുടെ കാര്യത്തിൽ അവൾ എന്താണ് ചെയ്യേണ്ടത്?*

കുളിച്ച് ശുദ്ധിയാകുന്നതു വരെ കാത്തിരിക്കാൻ സാധ്യമാണെങ്കിൽ അങ്ങനെ ചെയ്യേണ്ടതാണ്. സാധ്യമല്ലെങ്കിൽ നാട്ടിൽ പോകുകയും ശുദ്ധിയായ ശേഷം കുളിച്ച് മക്കയിലേക്ക് തിരിച്ചുവന്ന് ത്വവാഫ് നിർവഹിക്കുന്നത് എളുപ്പമാണെങ്കിൽ അപ്രകാരവും ചെയ്യണം. എന്നാൽ അത് സാധ്യമല്ലെങ്കിൽ, അതുമല്ലെങ്കിൽ സ്വദേശം വളരെ വിദൂരത്തായതിനാലും തിരിച്ചു പോയശേഷം വീണ്ടുമൊരു യാത്ര എളുപ്പമല്ലാത്തതിനാലും ചോദ്യത്തിൽ പറഞ്ഞ സഹോദരിക്ക് ആർത്തവം ഉള്ള തോടൊപ്പംതന്നെ, വേണ്ട മുൻകരുതലോടെ, ഹജ്ജിന്റെ നിയ്യത്തോടെ ത്വവാഫ് ചെയ്യുന്നത് അനുവദനീയമാണ്. ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ, അദ്ദേഹത്തിന്റെ ശിഷ്യൻ അല്ലാമാ ഇബ്നുൽ ഖയ്യിം എന്നിവരുൾപ്പെടെയുള്ള പണ്ഡിതന്മാർ ഈ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ത്വവാഫുൽ വിദാആകട്ടെ ആർത്തവമുള്ള സ്ത്രീക്ക് നിർബന്ധവും അല്ല.

* * *

*ത്വവാഫുൽ ഇഫാദ (നിർബന്ധ ത്വവാഫ്) നിർവഹിക്കുന്നതിന് പ്രത്യേക സമയപരിധിയുണ്ടോ? ആർത്തവം, പ്രസവം തുടങ്ങി ശർഇയായ വല്ല കാരണത്താലും ഹജ്ജ് നാളുകളിൽ ത്വവാഫ് ചെയ്യാൻ പറ്റിയില്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?*

കാരണം നീങ്ങിയാൽ കുളിച്ച് ശുദ്ധിയായി ഹജ്ജിന്റെ ത്വവാഫ് ചെയ്യേണ്ടതാണ്. ഹജ്ജ് ദിവസങ്ങൾ കഴിഞ്ഞാണെങ്കിലും വിരോധമില്ല. മുഹർറമിലും സ്വഫറിലും ചെയ്യാവുന്നതാണ്. ത്വവാഫുൽ ഇഫാദക്ക് സമയപരിധിയില്ല എന്നതാണ് ശരി. ത്വവാഫ് ചെയ്യാതിരിക്കാനുള്ള കാരണം നീങ്ങിയ ഉടനെ അത് ചെയ്യുന്നതാണ് പക്ഷേ ഉത്തമം.

* * *

*ഇഹ്റാമിന്റെ വസ്ത്രം കഴുകുന്നതും അല്ലെങ്കിൽ മാറ്റി അലക്കിയ മറ്റൊരു ജോഡി ധരിക്കുന്നതും ശരിയാണോ?*

ഇഹ്റാം വസ്ത്രം അലക്കുന്നതും മാറ്റുന്നതും അനുവദിച്ചതാണ്.

* * *

*ഇഹ്റാമിൽ പ്രവേശിക്കുന്നതിനു മുമ്പ്, ഹാജിക്ക് ഇഹ്റാമിന്റെ വസ്ത്രത്തിൽ സുഗന്ധം പുരട്ടാൻ പാടുണ്ടോ?*

ഇഹ്റാമിന്റെ വസ്ത്രത്തിൽ സുഗന്ധം പുരട്ടാൻ പാടില്ല. ഇഹ്റാമിൽ പ്രവേശിക്കുന്നതിനു മുമ്പ് ശരീരത്തിൽ സുഗന്ധം പുരട്ടുന്നതാണ് സുന്നത്ത്. തലയിലോ താടിയിലോ മറ്റു അവയവങ്ങളിലോ പുരട്ടാം. ഇഹ്റാം വസ്ത്രത്തിൽ പുരട്ടാൻ പാടില്ല. പുരട്ടിയിട്ടുണ്ടെങ്കിൽ കഴുകിയിട്ടല്ലാതെ അത് ഉപയോഗിക്കാനും പാടില്ല.

* * *

*ഹജ്ജ് വേളയിൽ മിനായിൽ രാപ്പാർത്ത ഒരു ദിവസം സ്വപ്നസ്ഖലനമുണ്ടായാൽ ഹാജി എന്തു ചെയ്യണം? പ്രായശ്ചിത്തം ചെയ്യേണ്ടതുണ്ടോ?*

സ്വപ്നസ്ഖലനം ഹജ്ജിനെയോ ഉംറയെയോ ദോഷമായി ബാധിക്കില്ല. ഉറക്കത്തിൽ സ്ഖലനമുണ്ടായാൽ എഴുന്നേറ്റ ശേഷം കുളി നിർബന്ധമാണ്. ശുക്ലം കണ്ടില്ലെങ്കിൽ കേവല സംശയത്തിന്റെ പേരിൽ കുളി നിർബന്ധമാകുന്നില്ല. പ്രായശ്ചിത്തം ഒന്നും നൽകേണ്ടതുമില്ല. കാരണം സ്വന്തം ഇഷ്ടപ്രകാരം സംഭവിക്കുന്നതല്ലല്ലോ സ്വപ്നസ്ഖലനം.

* * *

*കഅ്ബയുടെ അകത്തു വെച്ച് നമസ്കരിക്കുന്നതിന് വല്ല പ്രത്യേകതയുമുണ്ടോ?*

പ്രയാസമില്ലാതെയും മറ്റുള്ളവരെ വിഷമിപ്പിക്കാതെയും കഅ്ബയുടെ ഉള്ളിൽ പ്രവേശിക്കാൻ കഴിഞ്ഞാൽ അവിടെ നമസ്കരിക്കുന്നത് അഭികാമ്യമാണ്. ബുഖാരിയും മുസ്‌ലിമും ഉദ്ധരിച്ച പോലെ, റസൂൽ(സ) കഅ്ബയിൽ പ്രവേശിക്കുകയും രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തിട്ടുണ്ട്. റസൂൽ കഅ്ബയിൽനിന്നും പുറത്ത് കടന്നപ്പോൾ മുഖത്ത് വിഷമം കാണാമായിരുന്നു. 'എന്റെ ഉമ്മത്തിന് ഞാൻ പ്രയാസമുണ്ടാക്കിയോ എന്ന് എനിക്ക് പേടിയാവുന്നു' എന്ന് അദ്ദേഹം പറയുകയും ചെയ്തു.

കഅ്ബക്കകത്ത് നമസ്കരിക്കുന്നതിനെപ്പറ്റി ആഇശ(റ) അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ഹിജ്റിൽ (കഅ്ബയുടെ വടക്കുഭാഗത്ത് അരമതിൽ കെട്ടി വേർതിരിച്ച ഭാഗം) നമസ്കരിച്ചോളൂ. അത് അല്ലാഹുവിന്റെ ഭവനത്തിൽപെട്ടതാണ്.

* * *

*ദുൽഹജ്ജ് എട്ടിന് (യൗമുത്തർവിയ) ഹാജി എവിടെനിന്നാണ് ഇഹ്റാം കെട്ടേണ്ടത്?*

താമസിക്കുന്ന സ്ഥലത്തുനിന്നാണ് ഇഹ്റാം ചെയ്യേണ്ടത്. ഹജ്ജതുൽ വിദാഇൽ പങ്കെടുത്ത സ്വഹാബിമാർ നബിയുടെ കൽപന പ്രകാരം അങ്ങനെയാണ് ചെയ്തത്. അതുപോലെ, മക്കയിൽ താമസിക്കുന്ന ആളുകളും തങ്ങളുടെ വീടുകളിൽനിന്നു തന്നെയാണ് ഇഹ്റാം ചെയ്യേണ്ടത്.

* * *

*ദുൽഹജ്ജ് എട്ടിനു മുമ്പ് തന്നെ ഞാൻ മീനായിൽ എത്തിയിരുന്നു. അതിനാൽ എവിടെ നിന്നാണ് ഇഹ്റാം ചെയ്യേണ്ടത്? ഹറമിൽ പോയി ഇഹ്റാം ചെയ്ത് വരികയോ? അതല്ല മിനായിൽനിന്നു തന്നെ ചെയ്യുകയോ?*

മിനായിൽ താമസക്കാരോ അല്ലെങ്കിൽ ഹജ്ജിന് ഒന്നോ രണ്ടോ നാൾ നേരത്തേ മിനായിൽ എത്തിയവരോ ആയ ഹാജിമാർ മിനായിൽനിന്നു തന്നെ ഇഹ്റാം ചെയ്യുക എന്നതാണ് നിയമം. മക്കയിൽ പോകേണ്ട കാര്യമില്ല. ◆